# കേരള കാർഷിക സർവ്വകലാശാല
## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
Email: cohagmet@kau.in & kauagmet@yahoo.co.in


## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## തൃശ്ശൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 02/2019(4),വെള്ളിയാഴ്ച — തീയ്യതി 11.01.2019

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ മഴ ലഭിച്ചില്ല. ഏറ്റവും ഉയർന്നതാപനില 31.2 മുതൽ 34.0 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 16.5 മുതൽ 20.4 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 52 മുതൽ 82 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 27 മുതൽ 42 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 2.8 മുതൽ 9.5 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 3.4 മുതൽ 6.3 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 3.6 മുതൽ 6.3 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 12.01.2019 | 13.01.2019 | 14.01.2019 | 15.01.2019 | 16.01.2019 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 19 | 19 | 19 | 19 | 19 |
| മേഘവ്യാപ്തി (ഒക്ട) | 1 | 1 | 1 | 1 | 1 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 25 | 25 | 25 | 25 | 25 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 8 | 8 | 12 | 10 | 12 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 230 | 230 | 250 | 180 | 230 |
| ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ പ്രവചനമനുസരിച്ച് ജില്ലയിൽ വരും 5 ദിവസങ്ങളിൽ മഴയ്ക്ക് സാധ്യതയില്ല. | | | | | |

## കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | വളർച്ചാഘട്ടം | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| നെല്ല് | കതിരു വരുന്ന പരുവം | ഓലചുരുട്ടിപ്പുഴു | നെല്ലിലെ ഓലചുരുട്ടിപ്പുഴുവിനെ പ്രതിരോധിക്കാനായി ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രമ്മ ചിലോണിസ് കാർഡ് വീതം, ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് പ്ലാസ്റ്റിക്ക് കപ്പുകളിൽ കുത്തി വെക്കുക. |
| പച്ചക്കറികൾ (പയർ) | - | മുഞ്ഞ | പയറിൽ മുഞ്ഞയുടെ ആക്രമണം കണ്ടാൽ 2% വീര്യമുള്ള വേപ്പെണ്ണ എമൾഷൻ തളിക്കുക. അല്ലെങ്കിൽ വെർട്ടിസീലിയം ലെക്കാനി എന്ന മിത്രകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 10 ദിവസം ഇടവിട്ട് കൊടുക്കുക. രൂക്ഷമാണെങ്കിൽ 3 മി.ലി ഇമിഡാക്ലോപ്രിഡ് അല്ലെങ്കിൽ 2 ഗ്രാം തയാമെതോക്സാം 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. |
| | | കായും തണ്ടും തുരക്കുന്ന കീടം | പയറിൽ കായും തണ്ടും തുരക്കുന്ന കീടത്തിന്റെ, ഉപദ്രവമേറ്റ ഭാഗങ്ങൾ മുറിച്ചു നീക്കം ചെയ്യുക. കായ്തുരപ്പന്റെ ആക്രമണം നിയന്ത്രിക്കാനായി വേപ്പിൻ കുരുസത്ത് 5% വീര്യത്തിൽ തയ്യാറാക്കി തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 2 മി.ലി ഫ്‌ളൂബെന്റാമൈഡ് 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ അല്ലെങ്കിൽ ക്ലോറാൻട്രാനിലിപ്രോൾ 3 മി.ലി. 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ തളിച്ചു കൊടുക്കേണ്ടതാണ്. |
| മൃഗസംരക്ഷണം | അധിക അമ്ലതമൂലമുള്ള ദഹനക്കേട് ഒഴിവാക്കുവാനായി 30 ഗ്രാം സോഡാപൊടിയും 1 ടിസ്പൂൺ യീസ്റ്റ് കുതിർത്തതും തീറ്റയിൽ ചേർത്ത് ദിവസേന നൽകുക. (സി.എ.ഡി.ഇ.സി.സി.എസ്., കെ.വി.എ.എസ്.യു., മണ്ണുത്തി) | | |